LIBRARY ARCHIVES Kerala Legislative Assembly

അനെർട്ടിലെ സയന്റിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പി. വൽസരാജ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചുമതല വഹിച്ച കാലയളവിൽ സയന്റിസ്റ്റുമാരുടെ പ്രമോഷൻ വിഷയത്തിൽ തെറ്റായ വിവരം നൽകിയതായി എ.ജി.-യുടെ ഓഡിറ്റിൽ പരാമർശമുണ്ട്.

(ഇ) ഇതിൽ അനെർട്ടിലെ ഉദ്യോഗസ്ഥരുടെ പേര് പരാമർശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെന്ന് തസ്തിക ഉൾപ്പെടെ വെളിപ്പെടുത്താമോ?

അനെർട്ട് ഡയറക്ടർ സർക്കാരിനയച്ച കത്തിൽ സയന്റിസ്റ്റായ ശ്രീ. പി. വത്സരാജിന്റെ പേര് പരാമർശിച്ചിട്ടുണ്ട്.

(എഫ്) മേൽ കത്തിന്റെ അടിസ്ഥാനത്തിൽ സയന്റിസ്റ്റുകൾക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോയെന്നും അതിനുശേഷം നാളിതുവരെ എത്ര യുക ശമ്പള - കുടിശ്ശിക ഇനങ്ങളിൽ ഇവർക്ക് നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശമ്പളക്കുടിശ്ശിക ഇനത്തിൽ 37,99,541 രൂപ നൽകിയിട്ടുണ്ട്.

മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ

171(5330) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെകീഴിൽ നടന്നുവരുന്ന വിവിധ പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ പ്രസരണ മേഖലയിൽ നിലവിലുള്ള 110 കെ.വി AIS (Air Insulated Substation) GIS (Gas Insulated Substation) ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ടോമൂന്നോ മാസങ്ങൾക്കുളളിൽ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. വരമ്പൂരിൽനിന്നും മലപ്പുറംവരെയുള്ള നിലവിലുള്ള 66 കെ.വി ലൈൻ 110 കെ.വി ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. പ്രവൃത്തിക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. മലപ്പുറം നിയോജകമണ്ഡലത്തിൽ തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി' പദ്ധതി, ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ. ഇ. ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ് "പദ്ധതി, സൗര പദ്ധതി, MLA-യുടെ ആസ്തി വികസന ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവയിലുൾപ്പെട്ട പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു. ഈ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

1. ദ്യുതി പദ്ധതിയിലുൾപ്പെടുത്തി ലോ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 170 എണ്ണം പൂർത്തിയായി, 54 എണ്ണം പുരോഗതിയിലാണ്.

2. ദ്യുതി പദ്ധതിയിലുൾപ്പെടുത്തി ഹൈ ടെൻഷൻ ലൈനുകളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 102 എണ്ണം പൂർത്തിയായി, 70 എണ്ണം പുരോഗതിയിലാണ്.

3. ബഹു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ചെയ്ത ലോ ടെൻഷൻ ലൈനിന്റെ പ്രവൃത്തി 1 എണ്ണം പൂർത്തിയായി

4. നിലാവ് പദ്ധതിയിലുൾപ്പെടുത്തി പൂക്കോട്ടൂർ പഞ്ചായത്തിൽ 1000 ലാമ്പുകൾ സ്ഥാപിച്ചു. മൊറയൂർ പഞ്ചായത്തിൽ 500 ലാമ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടന്നുവരുന്നു

5. ഫിലമെന്റ് രഹിത കേരളം പദ്ധതിയിൽ മലപ്പുറം നിയോജക മണ്ഡലത്തിൽ ഇതുവരെ 55625 എൽ.ഇ.ഡി. ലാമ്പുകൾ ഉപഭോക്താക്കൾക്കും അംഗനവാടികൾക്കും വിതരണം ചെയ്തു.

6. സൗര പദ്ധതിയിലുൾപ്പെടുത്തി - 6 എണ്ണം - ഉപഭോക്താക്കളുടെ വീടുകളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. 4 എണ്ണം - ഉപഭോക്താക്കളുടെ വീടുകളിലെ പ്രവൃത്തി പുരോഗമിക്കുന്നു. സൗര ഫേസ് 2- വിൽ നിർമ്മാണപ്രവൃത്തികൾ ഉടൻ ആരംഭിക്കും. രജിസ്ട്രേഷൻ പൂർത്തിയായ ഉപഭോക്താക്കൾക്ക് ഡെവലപ്പർ സെലക്ഷൻ നടന്നുകൊണ്ടിരിക്കുന്നു.

7. റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 5 എണ്ണം പുരോഗതിയിലാണ്.

8. തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് ആനക്കയം പഞ്ചായത്തിൽ 11 കെ.വി. ലൈൻ നീട്ടുന്നതും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതുമായ പ്രവൃത്തി, സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കുന്ന പ്രവൃത്തി-1 എണ്ണം, സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി - 8 എണ്ണം തുടങ്ങിയവ നടന്നുവരുന്നു.

9. കൂടാതെ മലപ്പുറം നിയോജകമണ്ഡലത്തിൽ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ അറവങ്കരയിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച ഊർജ്ജമിത്ര കേന്ദ്രം നിലവിൽ പ്രവർത്തനം നടത്തിവരുന്നു.

(ബി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ?

വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും 3 ഫേസ് ലൈനുകളും സ്ഥാപിക്കുന്നതിന്റെ വിശദാംശം താഴെ നൽകുന്നു.

1. ദൃതി പദ്ധതിയുടെ ഭാഗമായി, സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ-21 എണ്ണം, പുരോഗമിക്കുന്ന പ്രവൃത്തികൾ - 6 എണ്ണം

2. ദൃതി പദ്ധതിയുടെ ഭാഗമായി , പൂർത്തീകരിച്ച 11 കെവി ലൈൻ നിർമ്മാണ പ്രവൃത്തികൾ - 11 എണ്ണം, പുരോഗമിക്കുന്നവ - 24 എണ്ണം

3. ദൃതി പദ്ധതിയുടെ ഭാഗമായി, പുതുതായി സ്ഥാപിക്കുകയോ സിംഗിൾ ഫേസിൽ നിന്ന് 3 ഫേസ് ആക്കി മാറ്റുകയോ ചെയ്ത ലോ ടെൻഷൻ ലൈൻ പ്രവൃത്തികൾ - 29 എണ്ണം, പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ - 23 എണ്ണം

4. ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് ആനക്കയം പഞ്ചായത്തിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ-11 കെവി ലൈൻ നിർമ്മാണവും ട്രാൻസ്ഫോർമർ സ്ഥാപിക്കലും - 1 എണ്ണം, ലോ ടെൻഷൻ സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈൻ ആയി മാറ്റുന്ന പ്രവൃത്തി - 1 എണ്ണം

(സി) പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയും ജോലികളുടെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിലും പ്രായോഗികമായും വേഗം പൂർത്തീകരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും അതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly